LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന അക്രമ പ്രവർത്തനങ്ങൾ

46 [47] ശ്രീ. പി. കെ. കെ. ബാവ:
,, കെ. എൻ. എ. ഖാദർ:
,, കളത്തിൽ അബ്ദുള്ള:
,, യു. സി. രാമൻ:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അടുത്ത കാലത്തായി അക്രമവും കൊള്ളയും മോഷണവും പെൺവാണിഭവും വർദ്ധിച്ചുവരുന്നതായ വാർത്തകൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇങ്ങനെയുള്ള എത്ര കേസുകൾ കഴിഞ്ഞ മൂന്നു വർഷക്കാലമായി രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) ഇതിൽ എത്ര പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്;

(ഡി) എത്ര കേസുകളിൽ പ്രതികളെ ഇനിയും അറസ്റ്റുചെയ്യാനുണ്ട്;

(ഇ) എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്?

ഉത്തരം

(എ) സംസ്ഥാനത്ത് അക്രമവും, കൊള്ളയും, മോഷണവും പെൺവാണിഭവും അടുത്ത കാലത്ത് വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ ചില ജില്ലകളിൽ മോഷണക്കേസുകൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 39151 കേസുകൾ.

(സി) 47269 പ്രതികളെ അറസ്റ്റുചെയ്തിട്ടുണ്ട്.

(ഡി) 8710 കേസിലെ പ്രതികൾ.

(ഇ) 982 കേസിലെ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്.

കള്ളനോട്ട് അച്ചടിച്ചതു സംബന്ധിച്ച കേസുകൾ

47 [48] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കള്ളനോട്ട് അച്ചടിച്ചതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 46 എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ബി) എത്ര കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കുറ്റപത്രം കോടതിയിൽ സമർപ്പിച്ചിട്ടുണ്ട്;

(സി) എത്ര കേസുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുണ്ട്?

ഉത്തരം

(എ) 16 കേസുകൾ.

(ബി) മൂന്നു കേസുകളിൽ അന്വേഷണം പൂർത്തിയാക്കി കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്.

(സി) കേസുകൾ വിചാരണയിലാണ്.

പ്രിയദർശിനി പ്ലാനറ്റോറിയം സംഭവം

48 [49] ശ്രീ. പിരപ്പൻകോട് മുരളി:

,, ടി. കെ. ദേവകുമാർ:

,, എ. കെ. ബാലൻ:

,, എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 ജൂൺ 2-ാം തീയതി തിരുവനന്തപുരം പ്രിയദർശിനി പ്ലാനിറ്റോറിയം കോൺഫറൻസ് ഹാളിൽനടന്ന കെ.പി.സി.സി. എക്സിക്യൂട്ടീവ് യോഗത്തോട് അനുബന്ധിച്ച് ഉണ്ടായ സംഘട്ടനത്തെക്കുറിച്ച് സർക്കാർ അന്വേഷണം എന്തെങ്കിലും നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചു; അവ ഏതെല്ലാം;

(ബി) ഏതു രീതിയിലുള്ള അന്വേഷണത്തിനാണ് ഉത്തരവിട്ടിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതു സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എങ്കിൽ ഏതെല്ലാം വകുപ്പുകളനുസരിച്ച് എത്രപേരുടെ പേരിൽ കേസെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) എഫ്.ഐ. ആർ.-ൽ പ്രതി ചേർത്തിട്ടുള്ളവർ ആരെല്ലാമാണ്;

(ഇ) ആരൊക്കെയാണ് ഈ കേസിലെ പ്രതികളെന്നും പ്രതികളിൽ എത്രപേരെയാണ് ഇതിനകം അറസ്റ്റ്ചെയ്തിട്ടുള്ളതെന്നും അവർ ആരെല്ലാമെന്നും വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly